## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1240. 30.09.2011-ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (എ) 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരം കരാർ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതുമായി ബന്ധപ്പെട്ട അധികാരമുള്ള ജില്ലാ ലേബർ ആഫീസർമാർക്ക് കരാറുകാർ സമർപ്പിക്കണമെന്നുണ്ട്. അപ്രകാരം ലഭിക്കുന്ന രേഖകൾ തൊഴിൽ വകുപ്പിൽ സൂക്ഷിച്ചു വരുന്നു. കരാർ അടിസ്ഥാനത്തിലും അല്ലാതെയും ജോലി ചെയ്യുന്നതുൾപ്പെടെയുള്ള അന്യ സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യാനും അതിനോടനുബന്ധിച്ചുള്ള കണക്കുകളും രേഖകളും സൂക്ഷിക്കുവാനും കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ മേഖലയിൽ നടക്കുന്ന മനുഷ്യ വിഭവ കമ്മീഷൻ കച്ചവടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) പ്രസ്തുത ചൂഷണം അവസാനി-പ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; | (സി) ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) അന്യസംസ്ഥാന തൊഴിലാളി ക്ഷേമനിധി കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ? | (ഡി) അന്യസംസ്ഥാന തൊഴിലാളികൾക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ ഒരു ക്ഷേമപദ്ധതി കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് ജോലി ചെയ്യുന്ന എല്ലാ അന്യസംസ്ഥാന തൊഴിലാളികളുടേയും വിവരം ശേഖരി-ക്കുകയും അവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്യുന്നുണ്ട്. കുടിയേറ്റ തൊഴിലാളികൾ പണിയെടുക്കുന്ന സൈറ്റുകളിൽ വച്ചു തന്നെ അവരെ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരി-ക്കുവാൻ എല്ലാ ജില്ലാ ലേബർ ആഫീസർ-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ലേബർ ആഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തുകയും തുടർന്നുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ